(1)	(2)
മേഖലാ മാനേജർ, കോഴിക്കോട്	പ്ലാനിംഗ് ബോർഡ്
അക്കൗണ്ടന്റ്	TELK
അക്കൗണ്ടന്റ്	പട്ടികജാതി വികസന വകുപ്പ്
അക്കൗണ്ടന്റ്	സെക്രട്ടേറിയറ്റ്
എൽ.ഡി.സി.	വനംവകുപ്പ്
എൽ.ഡി.സി.	പോലീസ് വകുപ്പ്
അസിസ്റ്റന്റ്	വിദ്യാഭ്യാസ വകുപ്പ്

റീ-എംപ്ലോയ്മെന്റ് മുഖേന വനിതാ വികസന കോർപ്പറേഷനിൽ ആരും ജോലി ചെയ്യുന്നില്ല.

വികലാംഗ സംഘടനകളുടെ നിവേദനങ്ങൾ

87 (6246) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗ സംഘടനകളുടെ എന്തെല്ലാം നിവേദനങ്ങളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സർക്കാരിന് ലഭിച്ചിട്ടുള്ളതെന്നും നിവേദനങ്ങളിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓരോ ആവശ്യത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവാഹിതരായ വികലാംഗർക്ക് വിവാഹശേഷവും കുടുംബ പെൻഷൻ, വൈകല്യ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുവാനുള്ളത് സംബന്ധിച്ച്, വികലാംഗ പെൻഷൻ വർദ്ധിപ്പിക്കുന്നത്, ADIP പദ്ധതിക്കു കീഴിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന്, SIMS-ന് പ്രാദേശിക കേന്ദ്രത്തിന്, വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിന്, വികലാംഗ പെൻഷൻ ഉത്തരവിന്റെ പകർപ്പ്, ഹെൽപ്പർ കെല്ലർ ദിനാചരണ ധനസഹായം, വികലാംഗ പുനർ നിയമനങ്ങൾ, കൂടാതെ വികലാംഗരുടെ ക്ഷേമവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വിവിധ വികലാംഗ സംഘടനകളിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുള്ളത്.

(ബി) നിവേദനങ്ങളിലെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നടപടി സ്വീകരിക്കുന്നതിന് അതാത് വകുപ്പുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വികലാംഗ പെൻഷൻ നിരക്ക് 300 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഈ വകുപ്പിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly